(ബി-ഡി)

1. ശ്രീ. സി.ആർ.ബിജു, എസ്.സി.പി.ഒ 7552, എ.ആർ. ക്യാമ്പ്, കൊച്ചി സിറ്റി.

2. ശ്രീ. ചന്ദ്രശേഖരൻ നായർ, സി.പി.ഒ 1096, വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.

3. ശ്രീ. സജീർ, സി.പി.ഒ 2908, സിറ്റി പോലീസ് കൺട്രോൾ റൂം, തിരുവനന്തപുരം സിറ്റി.

4. ശ്രീ. ജിജു സി.നായർ, സി.പി.ഒ 6356, എ.ആർ ക്യാമ്പ്, കൊല്ലം സിറ്റി.

5. ശ്രീ. സുരേഷ് (വിജിലൻസ്)

6. ശ്രീ. മുജീബ് റഹ്മാൻ, എസ്.ബി.സി.ഐ.ഡി സെക്യൂരിറ്റി വിംഗ്.

7. ശ്രീ. ഗിരീഷ് കുമാർ, ഹവിൽദാർ, എസ്.എ.പി.

ഇതിൽ 1 മുതൽ 4 വരെയുള്ളവരെ സംബന്ധിച്ച റിപ്പോർട്ട് എ.ഡി.ജി.പി. ഇന്റലിജൻസ് വഴിയാണ് ലഭിച്ചിട്ടുള്ളത്. 5 മുതൽ 7 വരെയുള്ളവർക്കെതിരേയുള്ള പരാതി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സെക്രട്ടറി, സി.പി.ഐ (എം), തിരുവനന്തപുരം ജില്ലാ കമ്മിറ്റിയിൽ നിന്നുമാണ് ലഭിച്ചത്. ഇതിൽ 1 മുതൽ 4 വരെയുള്ളവരെ എ.ഡി.ജി.പി ഇന്റലിജൻസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൗത്ത്സോണിൽ നിന്നും നോർത്ത് സോണിലേക്ക് പൊതുതാത്പര്യാർത്ഥം സ്ഥലം മാറ്റിയിട്ടുണ്ട്. 5 മുതൽ 7 വരെയുള്ളവരെ സംബന്ധിച്ച് എ.ഡി.ജി.പി. ഇന്റലിജൻസ് അന്വേഷണം നടത്തി വരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീമിന് കൂടുതൽ ഫണ്ട്

141 (7704) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീമിൽ എത്ര സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീമിന് 2013-14 സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്കീമിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ 2014-15 വർഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) പ്രസ്തുത സ്കീമിലേക്ക് അപേക്ഷ നൽകുന്ന എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 325 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷം സർക്കാർ പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി ആറ് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി&ഡി) കൂടുതൽ തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഇ) ഇതിനായി രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതി അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

മനുഷ്യാവകാശ കമ്മീഷനിൽ പോലീസുകാർക്കെതിരെ കേസ്സുകൾ

142 (7705) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും മനുഷ്യാവകാശ കമ്മീഷനിൽ എത്ര പോലീസുകാർക്കെതിരെ കേസ്സുകൾ എടുത്തിട്ടുണ്ട് ; അവർ ആരെല്ലാം ; എന്തു നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) മനുഷ്യാവകാശകമ്മീഷൻ എത്ര പോലീസുകാർക്കെതിരെ ഈ കാലയളവിൽ വിധി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഏതെല്ലാം കേസുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദാംശം വ്യക്തമാക്കുമോ :

(സി) ക്രമസമാധാന പരിപാലനം, പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം തുടങ്ങിയ സുപ്രധാന മേഖലകളിൽ പോലീസ് റെസ്പോണ്ടന്റ് ആയ എത്ര കേസ്സുകൾ 2011-12, 2012-13, 2013-14 വർഷങ്ങളിൽ മനുഷ്യാവകാശ കമ്മീഷന്റെ മുമ്പിൽ വന്നിട്ടുണ്ട് ; എത്ര കേസ്സുകൾ ഫയലിൽ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിലെ അനാഥാലയങ്ങളുടെ നടത്തിപ്പും കുട്ടികളുടെ അവകാശ സംരക്ഷണത്തിനുമായി കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ ആഭ്യന്തരവകുപ്പിന് നൽകിയിട്ടുണ്ട് ; ആയതിൽ എന്തുനടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2011-ൽ 5561 ഉം 2012-ൽ 7489-ഉം 2013-ൽ 9144 ഉം ഹ്യൂമൻ റൈറ്റ്സ് മിസലേനിയസ് പെറ്റീഷനുകൾ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ ഹ്യൂമൻറൈറ്റ്സ് മിസലേനിയസ് പെറ്റീഷൻ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യുമ്പോൾ പരാതിക്കാരന്റെ പേരും മേൽവിലാസവും പെറ്റീഷൻ നമ്പരും മാത്രം രേഖപ്പെടുത്തുന്ന രീതിയാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly